**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62** **02-02-2026 - ൽ മറുപടിയ്ക്ക്**

**ആദിവാസി വിദ്യാർത്ഥികളുടെ പഠനം കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ആദിവാസി സമൂഹത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനം കാര്യക്ഷമമാക്കുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ; | (എ) | **സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനം കാര്യക്ഷമ-മാക്കുന്നതിനായി നിലവിൽ പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം ശ്രീ.അയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സെർച്ച് & ഡവലപ്മെന്റ് സ്കോളർഷിപ്പ്, വിദ്യാവാഹിനി പദ്ധതി, എം.ആർ.എസുകൾ, പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്മാർട്ട് പഠനമുറികൾ, ഗോത്രബന്ധു പദ്ധതി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധന സഹായം, സാമൂഹിക പഠനമുറികൾ, ലാപ്പ്ടോപ്പ് വിതരണം, അന്യസംസ്ഥാന പഠനം ധനസഹായം, വിദേശപഠനത്തിനുള്ള ധന സഹായം, സിവിൽ സർവീസ് പരിശീലനം, കൊമേർഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ്, PSC പരിശീലന പരിപാടി, എൻട്രൻസ് കോച്ചിങ്, ട്യൂട്ടോറിയൽ ഗ്രാന്റ്, റെസിഡൻഷ്യൽ കോച്ചിങ് ക്യാമ്പ്, ഗിരിവികാസ് പദ്ധതി തുടങ്ങിയ നിരവധി പദ്ധതികൾ പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു.** |
| (ബി) | ഏതെല്ലാം കോഴ്സുകൾക്കാണ് ഇത്തരത്തിൽ പഠനത്തിനായി ധനസഹായം നൽകുന്നത്; ഏതെല്ലാം പദ്ധതികളിലൂടെയാണ് ഈ സഹായം ലഭ്യമാകുന്നത്; വ്യക്തമാക്കാമോ; | (ബി) | അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ആദിവാസി കുടിലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് അവരുടെ തനത് ഭാഷയിൽ പ്രാഥമിക വിദ്യാഭ്യാസം നൽകണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അവരുടെ തനത് ഭാഷയിൽ പ്രാഥമിക വിദ്യാഭ്യാസം നൽകണമെന്ന ആവശ്യം പരിഗണിക്കുന്നതിന്റെ ഭാഗമായി **ഗോത്രബന്ധു പദ്ധതി** നടപ്പിലാക്കിയിട്ടുണ്ട്. പ്രൈമറി തലത്തിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാതഥികൾക്ക് വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | മൂലമുള്ള കൊഴിഞ്ഞ് പോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക, എന്നീ പ്രശ്നങ്ങൾ മുൻനിർത്തി സർക്കാർ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ കുട്ടികളുടെ തനത് ഗോത്രഭാഷയിൽ പാഠ്യഭാഗങ്ങൾ വിവരിച്ച് നൽകുന്നതിനായി ഗോത്രബന്ധു പദ്ധതി മുഖേന മെന്റർ ടീച്ചർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഏതെല്ലാം സ്കൂളുകളിലൂടെയാണ് ഈ വിദ്യാർത്ഥികളെ അവരുടെ തനത് ഭാഷയിൽ പഠിപ്പിക്കാൻ സാധിച്ചിട്ടുള്ളത്? | (ഡി) | നിലവിൽ പ്രൈമറി തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാ പ്രശ്നം പരിഹരിക്കുക എന്നീ പ്രശ്നങ്ങൾ മുൻനിർത്തി സർക്കാർ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന ഗോത്ര ബന്ധു പദ്ധതി നടപ്പിലാക്കി വരുന്നു. വയനാട് , പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾ, പ്രീമെട്രിക് സ്കോളർഷിപ്പ് എന്നിവ അനുവദിച്ചു വരുന്നു.

ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾ, സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹു. സുപ്രീം കോടതി നിർദ്ദേശമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ, **NMC/AICTE** തുടങ്ങിയ അംഗീകൃത ഏജൻസികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ, അഫിലിയേറ്റ് അംഗീകരിച്ച കോഴ്സ്/സ്ഥാപനങ്ങൾ, **NCVT** യുടെ അംഗീകൃത വൊക്കേഷണൽ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നടത്തപ്പെടുന്ന എല്ലാ കോഴ്സുകൾക്കും പോസ്റ്റ്മെട്രിക് പദ്ധതി പ്രകാരം വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് നൽകുന്നു. കൂടാതെ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യ തലത്തിലുള്ള പ്രവേശനപരീക്ഷയിലൂടെ മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ അന്യസംസ്ഥാനത്ത് പ്രവേശനം നേടുന്നവർക്കും, കേരളത്തിൽ നിലവിൽ ഇല്ലാത്ത പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾ വിദേശത്ത് പഠിക്കുന്നതിനും ഉന്നതി സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു.

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാല കളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനായി വിദേശ പഠന സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ ഒരു വിദ്യാർത്ഥിക്ക് പരമാവധി **25** ലക്ഷം രൂപ വരെ സ്കോളർഷിപ് ലഭിക്കും.നിലവിൽ ടി പദ്ധതി **ODEPC** മുഖേന നടപ്പിലാക്കി വരുന്നു.